# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025 -26

ആമുഖം

തലശ്ശേരി നോർത്ത് ഉപജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ 14ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം 1901ൽ ശ്രീ ഒതേനൻ ഗുരുക്കളാണ് സ്ഥാപിച്ചത്. 1902-ൽ അംഗീകാരം ലഭിച്ച വിദ്യാലയത്തിലെ ആദ്യ ഹെഡ്മാസ്റ്ററും അദ്ദേഹമായിരുന്നു.

ഹെഡ്മാസ്റ്റർ ഉൾപ്പെടെ 5 അധ്യാപകരും 2 പ്രീ-പ്രൈമറി അധ്യാപകരുമാണ് ഇവിടെ ജീവനക്കാരായിട്ടുള്ളത്. പഠനപ്രവർത്തനങ്ങളിലും പാഠ്യേതര പ്രവർത്തനങ്ങളിലും വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നു.

ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പിക്കുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.

- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ രുചികരമാക്കുക.
- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ വൈവിധ്യം ഉണ്ടാക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- മികച്ച വിദ്യാലയാന്തരീക്ഷം ഉണ്ടാക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

## അവസ്ഥാവിശകലനം

മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികളാണ് ഈ വിദ്യാലയത്തിൽ ഭൂരിഭാഗവും. വിദ്യാർത്ഥികൾക്ക് മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിലും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ നല്ല നിലവാരത്തിൽ എത്തിക്കുന്നതിനും പി.ടി.എ യും അധ്യാപകരും ഒത്ത് ചേർന്ന് പ്രവർത്തിക്കുന്നു. ICT ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നു. വായന പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നു.

## വിദ്യാലയ മികവ്

2024-25 അധ്യയന വർഷത്തിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു. സബ്ജില്ലാ ശാസ്ത്രമേളയിലും കലാമേളയിലും നല്ല പങ്കാളിത്തം ഉണ്ടാക്കുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്തു. സബ്ജില്ലാ ക്വിസ് മത്സരങ്ങളിൽ മികച്ച നിലവാരം പുലർത്തി. സ്കൂൾ വാർഷികാഘോഷം പി.ടി.എ യുടെ സഹായത്തോടെ മികച്ച രീതിയിൽ നടത്തി. പ്രീ പ്രൈമറി വിദ്യാർത്ഥികൾക്കും വിവിധ തരത്തിലുള്ള കലാമത്സരങ്ങൾ നടത്തി. എല്ലാ പരിപാടികളിലും പി.ടി.എ യുടെ നല്ല സഹകരണം ഉണ്ടായിരുന്നു.

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ പാറ്റേൺ, പഠനഉൽപന്നങ്ങളുടെ പ്രദർശനം | I – IV | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | ഒറിഗാമി ശില്പശാല ഒറിഗാമി രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | I – IV | ഒക്ടോബർ | SRG ക്ലാസ്ടീച്ചർ PTA | |
| ഗണിത പഠന പ്രവർത്തനം രസകരമാക്കൽ. ചതുഷ്ക്രിയകൾ ലളിതമാക്കൽ. | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ ഗണിതലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | I – IV | വർഷം മുഴുവൻ | | SRG |

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. | I - II | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | PTA |
| | ഗണിതക്യാമ്പ് - പ്രവർത്തനങ്ങൾ കളികളിലൂടെ. | I - IV | നവംബർ | SRG | " |
| ഗണിത ചിന്താശേഷി വളർത്തൽ. | ഒരു ദിനം ഒരുചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ). | III - IV | ആഴ്ചയിൽഒന്ന് | ക്ലാസ് ടീച്ചർ | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം സുതാര്യമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | I - IV | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം. | • കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | III - IV ~~ജൂൺ~~ | ജൂൺ - ജൂലൈ | അധ്യാപകർ | |
| | വായനാക്കുറി | II - IV | ജൂൺ - ഡിസംബർ | അധ്യാപകർ | |
| ഭാഷാപരമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | I - IV | വർഷത്തിലൊന്ന് | അധ്യാപകർ PTA | PTA |
| വായനാശേഷി വളർത്തൽ. | ക്ലാസ് വായനക്കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം | I - IV | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ. | |

മലയാളം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | • ഭാഷാ കളരി കുട്ടികളിലും. പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | I - II | സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ PTA | |
| പത്രവായന പ്രോത്സാഹിപ്പിക്കൽ. | • ക്ലാസ് തല പത്രവായന<br>• പത്രവായന അസംബ്ലിയിൽ.<br>• പത്രവാർത്താ ക്വിസ് | I-IV | എല്ലാദിവസവും ആഴ്ചയിൽ മൂന്ന് ദിവസം മാസത്തിൽ | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | • ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. | III-IV | ലക്ഷ്യം നേടുന്നത് വരെ | SRG ക്ലാസ് ടീച്ചർ. | |

ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ. | · ഇംഗ്ലീഷ് സിനിമാപ്രദർശനം. | I – IV | മാസത്തിൽ ഒന്ന് | SRG | – |
| | · ചെറിയ വാചകങ്ങൾ അടങ്ങിയ ലൈബ്രറി പുസ്തക വായന. | III – IV | ആഴ്ചയിൽ ഒന്ന് | class teacher. | – |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരമൊരുക്കൽ. | · English ബാലസഭ<br>one day English (ഇംഗ്ലീഷ് അസംബ്ലി) | I – IV | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>class teacher | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയങ്ങളിലും നടത്തുന്ന പ്രവർത്തനങ്ങൾ. | I – IV | വർഷം മുഴുവൻ | class teacher. | |

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സർഗ്ഗാത്മക പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. | I - IV | വർഷം മുഴുവൻ. | ക്ലാസ് ടീച്ചർ | - |
| വായനാ പരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ. വായനാക്കുറിപ്പ് പുസ്തക പരിചയം. ക്വിസ് മത്സരങ്ങൾ | III - IV | രണ്ടാഴ്ചയിൽ ഒന്ന്. | ക്ലാസ് ടീച്ചർ. | |

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ | III - IV | ആവശ്യാനുസരണം | CPTA ക്ലാസ് ടീച്ചർ |
| ശാസ്ത്രപഠനം രസകരമാക്കൽ. | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | III - IV | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | I - II | ജൂൺ - ഡിസംബർ | CPTA |
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർ രചനാ മത്സരങ്ങൾ, അവതരണങ്ങൾ | I - IV | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ SRG |

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷാ പഠനം രസകരവും സന്തോഷകരവുമാക്കൽ. | വായനാമത്സരം<br>ഭാഷാകേളികൾ<br>വാചക നിർമ്മാണം | I – IV | വർഷം മുഴുവൻ | അറബിക് ടീച്ചർ | |
| ധാരാളം കാണാനും കേൾക്കാനും എഴുതാനുമുള്ള അവസരം ഉണ്ടാക്കൽ. | .നോക്കി എഴുത്ത് മത്സരം<br>.കുറിപ്പുകൾ തയ്യാറാക്കൽ<br>.എഴുത്ത് പ്രദർശനം<br>.നല്ല എഴുത്തിന് ഒരു സ്റ്റാർ<br>. കേട്ടെഴുത്ത് മത്സരം | I – IV | വർഷം മുഴുവൻ | " | |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | . അക്ഷരവായന<br>. ക്ലാസ് സംഭാഷണം<br>. റോൾ പ്ലേ<br>. പരസ്പരത്ത് വർധിപ്പിക്കൽ.<br>. ഇ-ടെക്സ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾപ്പിക്കൽ | I – IV | " | " | |